പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2966 **29-10-2026-ൽ മറുപടിയ്ക്ക്**

ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

മറുപടി: കേരളത്തിൽ 11 ജില്ലകളിലെ 270 എം.ജി.എൽ.സി.കളിൽ 4 എണ്ണം ഒഴികെ ബാക്കി ഉള്ളവയെല്ലാം 13.01.2021 ലെ സ.ഉ.(കൈ) നം.13/2022/പൊ.വി.വ പ്രകാരം നിർത്തലാക്കിയിരുന്നു. 06.07.2022 ലെ GEDN-D1/192/2019-G.EDN- കത്ത് പ്രകാരം 4 എം.ജി.എൽ.സി.കൾ (ചെമ്പ്ര - മലപ്പുറം, ചൂരത്തോട് -കോഴിക്കോട്, ശിങ്കപ്പാറ - പാലക്കാട്, കുറത്തിക്കുടി-ഇടുക്കി) നിലനിർത്തിയിട്ടുണ്ട്. തുടർന്ന് 8 എം.ജി.എൽ.സി.കൾ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എം.ജി.എൽ.സി.കൾ നിർത്തലാക്കുന്നതിൽ നിന്നും കോടതി സ്റ്റേ ചെയ്യുകയും കോടതി വിധി പ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ആകെ 12 എം.ജി.എൽ.സി. കളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വന്നിരുന്നത്. ചെമ്പ്ര, മഞ്ഞൾപ്പാറ - മലപ്പുറം,ചൂരത്തോട് - കോഴിക്കോട്, ശിങ്കപ്പാറ- പാലക്കാട് എന്നിവ കുട്ടികൾ ഇല്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) അതിൽ ഏതെല്ലാം സർക്കാർ പ്രൈമറി സ്കൂളാക്കി അപ്ഗ്രേഡ് ചെയ്തതെന്ന് വ്യക്തമാക്കാമോ; അവയിൽ നിർത്തലാക്കിയവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ഇത്തരം സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് (G.o(ms)9/99/Gedn)Dated 07.01.1999) ലഭ്യമാക്കാമോ;

മറുപടി: 17.09.2026 തീയതിയിലെ സ.ഉ(കൈ) നം. 147/2026/GEDN പ്രകാരം സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന എം.ജി.എൽ.സി കളായ മലപ്പുറം ജില്ലയിലെ മേൽമുറി, അരിമംഗലം, കാളംതിരുത്തി, അരിമണൽ, തരികുളം ഇടുക്കി ജില്ലയിലെ കുറത്തിക്കുടി, കാസറഗോഡ് ജില്ലയിലെ ആലൂർ, കണ്ണൂർ ജില്ലയിലെ കാലാങ്കി എന്നീ 8 എം.ജി.എൽ.സി കൾ 2026-27 അദ്ധ്യയന വർഷം മുതൽ എൽ.പി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ (കൈ) നം. 09/99/പൊ.വി.വ തീയതി 07.01.1999 സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

(സി) താനൂർ തീരദേശ മേഖലയിലെ ഒട്ടുംപുറം മുതൽ ആൽബസാർ വരെയുള്ള പ്രദേശത്ത് താമസിക്കുന്ന കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്നതായ ബദൽ സ്കൂൾ -ഏക അധ്യാപക വിദ്യാലയം അടച്ച് പൂട്ടിയതിനാൽ തീരമേഖലയിലെ കുട്ടികൾക്ക് പഠനത്തിന് ഏറെ പ്രയാസമുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> ഉണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ